LIBRARY ARCHIVES Kerala Legislative Assembly

കാലവർഷക്കെടുതിമൂലം കർഷകർക്കുണ്ടായ നാശനഷ്ടം

98 [1230] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, നൻമണ്ട, പനങ്ങാട് എന്നീ പഞ്ചായത്തുകളിൽ ഉണ്ടായ കൃഷിനാശം സംബന്ധിച്ച് വകുപ്പുതല റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര തുകയുടെ നഷ്ടം വീതമാണ് ഉണ്ടായതെന്ന് അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) കൃഷിനാശം സംബന്ധിച്ച് ഓരോ പഞ്ചായത്തിലേയും കണക്കാക്കപ്പെട്ട നഷ്ടം സംബന്ധിച്ച് റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വനമേഖലയിലെ കാട്ടുതീ

99 [1231] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വനമേഖലയിലെ ഏതെല്ലാം പ്രദേശങ്ങളിൽ വൻ കാട്ടുതീ ഉണ്ടായിട്ടുണ്ടെന്ന് വിവരം വിശദമാക്കാമോ;

(ബി) കാട്ടുതീമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ, പാലക്കാട്, തൃശ്ശൂർ സർക്കിളിന്റെ പരിധിയിൽ വരുന്ന ബേഗൂർ, മാനന്തവാടി, പേരിയ, താമരശ്ശേരി, കുറ്റ്യാടി, പെരുവണ്ണാമൂഴി, പാലക്കാട്, മണ്ണാർക്കാട്, നിലമ്പൂർ, കൊല്ലം സർക്കിളിന്റെ കീഴിൽ റാന്നി, ഡിവിഷനിൽ വരുന്ന ബീമരം, പാമ്പിനി, വന്യജീവി വിഭാഗത്തിന്റെ കീഴിലുള്ള വയനാട്, പറമ്പിക്കുളം, സൈലന്റ് വാലി, പീച്ചി, പെരിയാർ വെസ്റ്റ്, ഇടുക്കി, തട്ടേക്കാട്, മൂന്നാർ, ചിന്നാർ, ശെന്തുരിണി എന്നീ പ്രദേശങ്ങളിലാണ് കാട്ടുതീ ഉണ്ടായിട്ടുള്ളത്.

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.